# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5485
## 02.11.2016 ലെ മറുപടിയ്ക്ക്

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

**ചോദ്യം :**
**ശ്രീ.രാജു എബ്രഹാം**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ നിയമനം ലഭിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയത് എന്നു മുതലാണ്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | 07.01.2013 ലെ സ.ഉ.(പി) നം. 20/2013/ധന ഉത്തരവ് പ്രകാരം 01/04/2013 ന് ശേഷം സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിരിക്കുന്നത്. 01.04.2013 ന് ശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10% -വും (10% of Pay + D.A) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് പി.എഫ്.ആർ.ഡി.എ നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിക്കപ്പെട്ട തുകയിൽ നിന്നും അയാൾക്ക് പെൻഷൻ വിഹിതം അന്വിറ്റി ആയി നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതിയിലുൾപ്പെട്ടവരുടെ വിരമിക്കൽ പ്രായം എത്രയാണ്; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായിരിക്കുമെന്ന് കേന്ദ്ര സർക്കാരും പി.എഫ്.ആർ.ഡി.എ യും വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനനുസരിച്ച് 31.10.2014 ലെ സ.ഉ.(പി) നം.469/2014/ധന പ്രകാരം സംസ്ഥാനത്തും വിരമിക്കൽ പ്രായം 60 വയസ്സായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഈ പദ്ധതിയുടെ ഫണ്ട് മാനേജരായി ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിന്റെ മാനദണ്ഡമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെയും പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്ന എൻ.പി.എസ് ട്രസ്റ്റിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയെയാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാർ ആയി നിയമിച്ചിട്ടുള്ളത്. |
| (ഡി) | സംസ്ഥാന ട്രഷറിയെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ഇല്ല; ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ് വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 ലെ SCRA[Securities Contracts (Regulation) Act, 1956] പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല. |
| (ഇ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുന: പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്. |
| (എഫ്) | ഈ പദ്ധതിയുടെ ഫണ്ട് മാനേജരായി സംസ്ഥാന ട്രഷറിയെ നിശ്ചയിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**